2. License for the fireworks—Trichur Pooram

മിസ്റ്റർ കെ. ഐ. വേലായുധൻ: Sir, I beg to move "To reduce the allotment of Rs. 11,67,837 for medical proper in Demand No. 26 (1) by Re. 1. (To criticise the action of the Chief Medical Officer for not taking proper care and caution in giving license to the authorities of Trichur Pooram Festival of this year to have Fire-works." സർ, മനുഷ്യക്ക സാധാരണ ഏറ്റവും സന്തോഷം ഉണ്ടാക്കുന്ന ഒരു കാഴ്ചമാണ് പൂരം, ആഘോഷം, ഉത്സവം മുതലായവ കാണുക എന്നതു്. പ്രത്യേകിച്ചു് തൃശ്ശിവപേരൂർ പൂരം എന്നു് പറയുകയാണെങ്കിൽ അതിനു് കേരളീയരുടെ ഇടയിൽ ഏറ്റവും വലിയ സ്ഥാനമാണ് കല്പിച്ചിട്ടുള്ളതു്. രാജ്യത്തിന്റെ നാനാഭാഗങ്ങളിൽനിന്നും, ബ്രിട്ടീഷ് മലബാർ, തിരുവിതാംകൂർ, ഇങ്ങിനെയുള്ള അയൽരാജ്യങ്ങളിൽനിന്നും പൂരം കാണുവാൻ കൂട്ടംകൂട്ടമായി ജനങ്ങൾ വരുക പതിവാണ്. എന്നുമാത്രമല്ല, തൃശ്ശിവപേരൂർ പട്ടണത്തിൽതന്നെ ഏറ്റവും വലിയ കച്ചവടമുണ്ടാകുകയും അതുമൂലം സാമ്പത്തികമായ ഉന്നമനം ഉണ്ടാകുകയും ചെയ്യുന്നുണ്ടു്. ജനങ്ങളുടെ ഗതാഗത സൌകര്യത്തിനുവേണ്ടി ബസ്സുകൾ, Special train മുതലായവ ഏർപ്പാടു ചെയ്യുക എന്നതും പതിവാണു്. ഇങ്ങിനെയുള്ള ആഘോഷം ഉണ്ടായിക്കാണണമെന്നതു് സന്തോഷകരമായ കാഴ്ചമാണെന്നുള്ളതിനു് തർക്കമില്ല. ആ പൂരത്തെ സംബന്ധിച്ചു യാതൊരാക്ഷേപവുമില്ല. പക്ഷെ പൂരത്തിനു് വെടിക്കെട്ടു് എന്നു പറയുന്ന ഒരേർപ്പാടുണ്ടു്.

ചൌധരി ജി. എസ്സ്. ധാരാസിംഗ്: അതാണു് പ്രധാനം.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഏറ്റവും നല്ല ഒരു കാഴ്ചയാണു്. അതു ഏതു വിധത്തിലാണു് അപകടമില്ലാത്ത നിലയിൽ പ്രയോഗിക്കേണ്ടതു് എന്നു് അതു ഉണ്ടാക്കുന്നവർക്ക അറിഞ്ഞുകൂടാ എന്നതാണു് വിഷമം. രാത്രി വെടിക്കെട്ടു് കാണേണ്ട ആവശ്യത്തിന്നാണു് ജനങ്ങൾ തടിച്ചുകൂടുന്നതു്. അങ്ങിനെ വളരെ ഉത്സാഹത്തോടുകൂടി വെടിക്കെട്ടു് കാണുവാൻ കൂട്ടംകൂട്ടമായി വരുന്നവർ മടങ്ങിപ്പോകുമ്പോൾ എണ്ണം കുറഞ്ഞിട്ടുവേണം പോകുവാൻ. അങ്ങിനെ വരുന്നവർക്കു് യാതൊരു കുറവുംകൂടാതെ വീട്ടിൽ മടങ്ങി എത്തുവാൻ ഒരു വഴി കാണണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. വെടിക്കെട്ടുണ്ടാക്കുന്നതിനു് സാധാരണയായി പൊട്ടാസിയം ക്ലോറൈറ് ഉപയോഗിക്കുന്നുണ്ടു്. അങ്ങിനെയുള്ള മരുന്നു് ഉപയോഗിക്കുന്നതുകൊണ്ടാണു് ഈ ആപത്തുണ്ടായിക്കൊണ്ടിരിക്കുന്നതു്. ഈ സാധനം ഉപയോഗിക്കുവാൻ പാടില്ലെന്നു് ഗവർമ്മെണ്ടു് ആർഡറുണ്ടെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഈ മരുന്നു് ഉപയോഗിച്ചു് വെടിക്കെട്ടുണ്ടാക്കുന്നതിന്റെ ഫലമായി ഇതുമുമധികം ജീവനാശം വരുന്നു എന്നുണ്ടെങ്കിൽ തീച്ചയായും ഈ മരുന്നു പ്രയോഗം നിർത്തൽ ചെയ്യേണ്ടതാണു്. അവിടത്തെ Local Magistrate തന്നെ ഈ വക സംഗതികൾ അപകടം വരാതിരിക്കത്തക്ക വിധത്തിൽ സൂക്ഷിച്ചു് പ്രവർത്തിക്കണമെന്നു് താക്കീതു് ചെയ്തിട്ടുള്ളതാണു്. പ്രത്യേകിച്ചു് ചീഫ് മെഡിക്കൽ ഓഫീസറുടെ അനുവാദമുണ്ടെങ്കിൽ മാത്രമേ വെടിക്കെട്ടു് കഴിക്കാനും പാടുള്ളു. ഈ അവസരത്തിൽ രണ്ടു ഭാഗക്കാരും കൂടിയുള്ള മത്സരമാണു്. ഈ മത്സരത്തിൽ ആരുടെ വെടിക്കെട്ടാണു് നന്നായിട്ടുള്ളതെന്നുള്ള ചോദ്യമാണുള്ളതു്. ഇരുഭാഗക്കാരും കൂടി കാട്ടിക്കൂട്ടുന്ന വിക്രിയകൾ കാണേണ്ടതുതന്നെയാണു്. ജനങ്ങൾക്കു് കാണുവാൻ വളരെ സന്തോഷമുണ്ടെങ്കിലും വളരെ ആപത്താണു് അതിന്റെ അനന്തരഫലം. ഒരാൾ പത്തു നിലയിലുള്ള അമിട്ടു് പൊട്ടിച്ചാൽ മറെറ ഭാഗക്കാർ ൧൨ നില പൊട്ടിക്കും. അപ്പോൾ മറുഭാഗക്കാർ ൨൪ നിലയിൽ പൊട്ടിക്കും. ൧൦—൧൪ നില പൊട്ടിക്കഴിഞ്ഞാൽ ബാക്കിനിലകൾ നിലത്തുവന്നായിരിക്കും പൊട്ടുക. ആ അവസരത്തിലാണു് ഉറങ്ങുന്ന ആളുകൾക്കു് ജീവാപായം വരുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: പൂരം കാണാൻ വരുന്നതു് കിടന്നുറങ്ങാനാണോ?

മിസ്റ്റർ കെ. ഐ. വേലായുധൻ: ഉറങ്ങാതെ കണ്ണുകൊണ്ടു് നില്ക്കുകയാണെങ്കിലും അപകടത്തെ തടുക്കാൻ സാധിക്കുകയില്ല. അതുകൊണ്ടു് ഇങ്ങിനെയുള്ള അത്യാപത്തുകൾ വരാതിരിക്കാൻവേണ്ടി പ്രത്യേകമായി എന്തെങ്കിലും നടപടി എടുക്കേണ്ടതു് അത്യാവശ്യമായിട്ടാണു് ഇരിക്കുന്നതു്. തൃശ്ശിവപേരൂർ പൂരത്തിനു് ഇത്തവണയുണ്ടായിട്ടുള്ള വെടിക്കെട്ടു പ്രയോഗം ചീഫ് മെഡിക്കൽ ആഫീസരുടെ അനുവാദത്തോടുകൂടിയല്ല. ഞാൻ ഈ Cut-motion അയച്ചു തിയ്യതിക്കു ശേഷമാണു് ചീഫ് മെഡിക്കൽ ആഫീസരോടു ലൈസൻസു് ചോദിച്ചിരുന്നതു് അനുവദിച്ചിട്ടുള്ളതു് എന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഈ

LIBRARY ARCHIVES Kerala Legislative Assembly

അപകടം ഉണ്ടായശേഷം ഞങ്ങൾക്ക ലൈസൻസു കിട്ടണമെന്നു് അപേക്ഷിക്കുകയും തൃശ്ശി വപേരൂർ പൂരം കഴിഞ്ഞു വളരെ ദിവസത്തിനുശേഷം ലൈസൻസു് കൊടുക്കുകയും ചെയ്തി ട്ടുണ്ടു് എന്നാണു് എന്റെ അറിവു്. അതു് എത്രത്തോളം വാസ്തവമാണെന്നു് ഗവണ്മെണ്ടിൽ നിന്നും ദയവായി മറുപടിയിൽ പറഞ്ഞാൽ കൊള്ളാം. ഈ അമിട്ടു് പ്രയോഗത്തിൽ എ ത്ര നില പൊട്ടിച്ചാലും എനിക്ക വിരോധമില്ല. അതു് ഇന്നത്തെപ്പോലെ ജനങ്ങൾക്കു് ആപത്തു് വരാത്ത വിധത്തിൽ പൊട്ടിക്കാനുള്ള ഏർപ്പാടു ചെയ്യണമെന്നാണു് എനിക്കു് പറയാനുള്ളതു്. അതിൽ നമ്മുടെ ഗവണ്മെണ്ടു പ്രത്യേകം മനസ്സിരുത്തണമെന്നു് പറഞ്ഞു കൊണ്ടു് ഞാൻ തൽക്കാലം വിരമിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : സർ, തൃശ്ശിവപേരൂർ പൂരം ഈ കൊല്ലം ആദ്യ മായി ഉണ്ടായതല്ല; വളരെക്കാലമായിട്ടു നടന്നുവരുന്നതും നടത്തിവരുന്നതും ആയ ഒരു മഹോ ത്സവമാണു്. അവിടെ വളരെ വാശിയോടുകൂടി വെടിക്കെട്ടു നടത്തിയിരുന്ന ഒരു കാലവും ഉണ്ടായിരുന്നു. കരിമരുന്നു് ആരുടെ കയ്യിലാണു് കൂടുതൽ ഉള്ളതു് എങ്കിൽ അവരാണു് ഈ മത്സരത്തിൽ ജയിക്കുന്നതു്. അതുകൊണ്ടു് അധികം കരിമരുന്നു കിട്ടുന്നതിനും മത്സ രം നടക്കും. ഈ കൊല്ലം പൂരത്തിനുശേഷം കരിമരുന്നിനു ലൈസൻസു വാങ്ങി എന്നു പറയുന്നതു് ശരിയല്ല. ഇക്കൊല്ലം ഐകൃകേരള മഹാമഹം പൂരത്തിനുമുമ്പു് അവിടെ യുണ്ടായിരുന്നു. അതിന്റെ ആവശ്യത്തിനു കുറെ വെടിക്കെട്ടു നടത്തേണ്ട ഉദ്ദേശമുണ്ടായി രുന്നു. അതിനു ലൈസൻസെടുത്തതോടുകൂടിതന്നെ പൂരം ആവശ്യത്തിനുള്ള കരിമരുന്നിനും ലൈസൻസു വാങ്ങിയെന്നാണു് എന്റെ അറിവു്.

മിസ്റ്റർ കെ. ഐ. വേലായുധൻ : On a point of information. എന്നാണു് ലൈ സൻസു കൊടുത്തതു്?

റാവുബഹദൂർ ടി. കെ. നായർ : അതു പറയണമെങ്കിൽ കടലാസുനോക്കണം.

മിസ്റ്റർ കെ. ഐ. വേലായുധൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു അദ്ദേഹത്തിന്റെ അറിവു പ്രകാരം ലൈസൻസു നേരത്തെ മേടിച്ചു എന്നു്.

റാവുബഹദൂർ ടി. കെ. നായർ : ഹയർ നോക്കീട്ടുവേണം പറയുവാൻ.

Mr. President : On the other hand, does it not presume that the license has been issued with proper care and caution ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ : ഈ ഖണ്ഡനോപക്ഷേപം അയച്ചതിനുശേഷമാണു് ലൈസൻസു വാങ്ങിയതു് എന്നു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനോടു യോജിക്കുവാൻ എനിക്കു നിവൃത്തിയില്ല. കൌൺസിൽ കൂടുന്നതിനു ൪ ദിവസം മുമ്പാണു് ബഡ്ഡറു് കിട്ടിയതു്. ബഡ്ഡറു് കിട്ടിയതിനുശേഷമാണു് ഉപക്ഷേപം അയക്കുന്നതു്. അപ്പോഠം ഉപക്ഷേപം അയച്ചിരിക്കുന്നു എന്നു അവർക്കു വയർലസ്സു് കിട്ടിയിരിക്കണം. അങ്ങിനെ വയർലസ്സുപ്രകാരം അറിവുകിട്ടി ലൈസൻസു വാങ്ങിയെന്നു പറയുന്നതു് വെറും അതിശ യോക്തിയാണു്.

ഇക്കൊല്ലം കുറെ ആളുകൾക്കു വെടിക്കെട്ടിൽ സംഗതിവശാൽ അവിചാരിതമായി അപകടം വന്നു. അതുകൊണ്ടു പൂരം നിർത്തണമെന്നാണു് പറയുന്നതു്.

മിസ്റ്റർ കെ. ഐ. വേലായുധൻ : പൂരം നിറുത്തണമെന്നോ വെടിക്കെട്ടു നിറുത്തണ മെന്നോ ഞാൻ പറഞ്ഞിട്ടില്ല. വെടിക്കെട്ടിൽ ആപത്തുവരാതെ സൂക്ഷിക്കണമെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ. ബഹുമാനപ്പെട്ട മെമ്പർക്കു ഞാൻ പറഞ്ഞതു കേൾക്കുവാൻ ചെവിയുണ്ടാ യിരുന്നില്ലെന്നാണു് എനിക്കു തോന്നുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ : വെടിക്കെട്ടു കൊണ്ടുള്ള അപകടം നിമിത്തം മേ ലാൽ വെടിക്കെട്ടു നിറുത്തണമെന്നു പറഞ്ഞുവോ? അതു് ഏറ്റവും കേമമായി. വെടിക്കെട്ടു നിറുത്തിയാൽ ജനങ്ങൾ കൂടുകയില്ല. വെടിക്കെട്ടു കാണുന്നതിനാണു് ആളുകൾ തിങ്ങി കൂടുന്നതു്. വെടിക്കെട്ടു നിറുത്തിയാൽ തൃശ്ശിവപേരൂർ പൂരത്തിന്റെ പ്രാധാന്യം നിശ്ശേഷം നശിക്കും. മാത്രമല്ലാ പൂരം നിറുത്തിയ ഫലമായിരിക്കും അതുകൊണ്ടുണ്ടാവുക. വെടി നിറുത്തിയാൽ കൂടുതൽ ദോഷം നേരിടുന്നതു് തൃശ്ശിവപേരൂക്കാർക്കാണെന്ന സംഗതി തൃശ്ശിവ പേരൂർക്കാരനായ എന്റെ സ്നേഹിതൻ മനസ്സിലാക്കണം.

മിസ്റ്റർ കെ. ഐ. വേലായുധൻ : ഞാൻ ഒരിക്കലും പൂരം നിറുത്തണമെന്നു പറഞ്ഞി ട്ടില്ല. ബഹുമാനപ്പെട്ട മെമ്പർ വെറുതെ പറയുകയാണു്. ഞാൻ ആ സംഗതിയിൽ പരി തപിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഞാൻ പറഞ്ഞതു് നല്ലവണ്ണം മനസ്സിലാക്കണം. ട്രഷ്ലിവപേരൂർ പൂരത്തിന്റെ വെടിയെപ്പററി ഇത്രയധികം പറയേണ്ടതില്ല. എല്ലാവർക്കും അറിയാവുന്നതാണു്. അതുകൊണ്ടു് എന്റെ മാന്യസ്നേഹിതൽ ഈ ഉപക്ഷേപം പിൻവലിക്കണമെന്നു ഞാൻ ആവശ്യപ്പെട്ടുകൊള്ളുന്നു.

റാവുബഹദൂർ ടി. കെ. നായർ: സർ, കിട്ടിയ അറിവുമാത്രം ഇവിടെ പറയാം. കട്ടുമോഷൻ കിട്ടിയതിനുശേഷം വയർലസ്സൊന്നും ഉണ്ടായിട്ടില്ല. ലൈസൻസിനുള്ള ഒരു അപേക്ഷ ഫ്ര.വ. മീനം ന്യ-ാംനു-യിലും ഒരപേക്ഷ ഫ്ര.വ. മീനം വ.വ-ാംനു-യിലും ഇവിടെ കിട്ടിയിട്ടുണ്ടു്. അതു പൂരത്തിന്റെ മുമ്പാണു്. അപ്പോൾ എന്റെ മാന്യസ്നേഹിതൻ മിസ്റ്റർ വേലായുധൻ പറഞ്ഞതു് തെററാണു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: അപേക്ഷ കൊടുത്തതു് ഇടവം വ.വ-ാംനു-യാണെന്നാണു് എന്റെ അറിവു്.

റാവുബഹദൂർ ടി. കെ. നായർ: അപ്പോൾ അവരുടെ പേരിൽ തെററില്ല. ഈ കൊല്ലം ഉണ്ടായിട്ടുള്ള സംഭവം മേലാൽ ഉണ്ടാകാതിരിപ്പാൻവേണ്ടി എന്താണു് ചെയ്യേണ്ടതു എന്നുള്ളതിനെപ്പററി ഗവമ്മെണ്ടു് ആലോചിക്കുന്നുണ്ടു്. അതിനു എത്രമാത്രമാണു് സഹകരിക്കേണ്ടതു് എന്നുള്ളതിനെപ്പററി പോലീസു് കമ്മീഷണർക്കും ഡിസ്ട്രിക്ടു് മജിസ്ട്രേട്ടിനോടും ചോദിച്ചിട്ടുണ്ടു്.

ഇനി ഒരു സംഗതി ഞാൻ പറയാം. അവിടെ ആളുകൾക്കു് ഇരിക്കുവാനുള്ള സൌകര്യങ്ങൾ ഉണ്ടു്. എന്നാൽ ആളുകൾ പോയി വെടിക്കെട്ടു നല്ലവണ്ണം കാണുന്നതിനുവേണ്ടി അമിട്ടു പൊട്ടിക്കുന്ന സ്ഥലത്തുപോയിരിക്കും. ചില ആളുകൾ അവിടെ കിടന്നുറങ്ങും. അങ്ങിനെയുള്ളവരുടെ മേൽ അമിട്ടുവീണു മരാം മരിക്കുകയാണെങ്കിൽ അമിട്ടിനെ എത്രത്തോളം തെറിപ്പിക്കുമെന്നു പറയാം.

മിസ്റ്റർ കെ. ഐ. വേലായുധൻ: അമിട്ടു വെക്കുന്ന സ്ഥലത്തല്ല വീഴുന്നതു്. ഒരു ഫർലോങ്ങു് ദൂരെയാണു് വീഴുന്നതു്.

റാവുബഹദൂർ ടി. കെ. നായർ: അത്രത്തോളമൊന്നും പോയില്ല വെടിക്കെട്ടുള്ള സ്ഥലത്തു ആളുകൾ ബോധത്തോടുകൂടി പെരുമാറണം. പൂരത്തിനു പോയാൽ യാതൊരു അനിഷ്ടസംഭവങ്ങളും അവിടെയുണ്ടാകാതെ സൂക്ഷിക്കേണ്ട ചുമതല ഗവമ്മെണ്ടിനില്ലെന്നല്ല ഞാൻ പറയുന്നതു്. കൊള്ളാത്തിയ ആളുടെ കയ്യിൽ കൂടിയല്ല ഇങ്ങിനെ ഒരപകടം വന്നിട്ടുള്ളതു്. അപകടം കൂടാതെ കഴിക്കുവാനുള്ള ചില നടപടികളൊക്കെ ഗവമ്മെണ്ടു നടത്തുന്നുണ്ടു് എന്നു മാത്രമേ എനിക്കു ഈ വിഷയത്തിൽ പറയുവാനുള്ളൂ. ചീഫ് മെഡിക്കൽ ആഫീസർക്കു ഇതിൽ തെററില്ലെന്നു എനിക്കു കൂടി പറയേണ്ടതുണ്ടു്.

മിസ്റ്റർ കെ. ഐ. വേലായുധൻ: സർ, ഞാൻ ഇവിടെ പറഞ്ഞതു് ചിലർ തെററിദ്ധരിച്ചു എന്നു തോന്നുന്നു. പൂരം ഏററവും ആഘോഷമായി നടത്തണം. പക്ഷെ ആരും മരിക്കുവാൻ പാടില്ലെന്നെ പറയുന്നുള്ളൂ. അതു് മേലിൽ ഉണ്ടാകാതെ ഗവമ്മെണ്ടു് സൂക്ഷിക്കാമെന്നു പറഞ്ഞതുകൊണ്ടു് ഈ ഖണ്ഡനോപക്ഷേപം പിൻവലിക്കുവാൻ സഭയുടെ അനുവാദം ആവശ്യപ്പെട്ടുകൊള്ളുന്നു.

Motion, by leave, withdrawn

3. Encouragement to Homoeopathic system of treatment

Mr. M. K. Raja: Sir, I move "To readuce the allotment of Rs. 15, 24, 467 under Medical in Demand No. 26 by Re. 1. (In order to impress on the Government the desirability of giving a recognised place and due encouragement to the homoeopathic system of treatment in the scheme of medical relief in the State)". സർ, ഈ നിയമസഭയുടെ ചരിത്രത്തിൽ അത്യന്തപൂർവ്വമായ ഒരു സംഭവമാണു് ഇപ്പോൾ ഇവിടെ ഉണ്ടായതു്. ഇത്രവളരെ ഉപക്ഷേപങ്ങളും, ഇത്രയുംവളരെ ചൂടുള്ളതായ സമയംകൊണ്ടു്, അവതരിപ്പിക്കാതെ അവതാരകന്മാർ ഊരിക്കൊണ്ടുപോകുകയാണുചെയ്യുന്നതു്. ഇതു് ഈ വകുപ്പിന്റെ ചരിത്രത്തിൽ ഇതിനുമുമ്പുണ്ടായിട്ടുണ്ടു് എന്നു തോന്നുന്നില്ല. മെഡിക്കൽ വകുപ്പിന്റെ ഭരണത്തെസംബന്ധിച്ചിടത്തോളം ഇതുപോലെയും അസാധാരണമായ ഈ പ്രശംസ സമ്പാദിക്കുവാനുള്ള സന്ദർഭമുണ്ടായ ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിച്ചുകൊള്ളുന്നു.

എന്റെ ഉപക്ഷേപത്തിൽ ഞാൻ ഗവമ്മെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന നിർദ്ദേശം നമ്മുടെ രാജ്യത്തിലെ വൈദ്യസഹായ വികസനത്തിനു ഉപകാരപ്രദമായ ഒന്നായി

LIBRARY ARCHIVES Kerala Legislative Assembly